പാലക്കാട് പൊന്നാനി റോഡിലുള്ള ലക്കിടി പേരൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 16-6-2018-ലെ GO(MS)No.113/2018 H&FWD പ്രകാരം കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുക്കുകയും 14-11-2019-ലെ സ.ഉ.(കൈ)നമ്പർ 171/2019/ ആ.കു.വ. പ്രകാരം അസി.സർജൻ-1, സ്റ്റാഫ് നഴ്സ്-1 എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് സ്ഥാപനം നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചുവരികയുമാണ്. ആർദ്രം മിഷൻ മാനദണ്ഡമനുസരിച്ച് നിലവിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 'ഒബ്സർവേഷൻ ബെഡ്' സംവിധാനം നൽകിവരുന്നുമുണ്ട്.

കുറ്റിപ്പുറം താലൂക്കാശുപത്രി വികസനം

195 (1561) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം താലൂക്കാശുപത്രി വികസനം സംബന്ധിച്ച് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി സമർപ്പിച്ച 200 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ 40 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പദ്ധതി ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ടി തയ്യാറാക്കിയ പദ്ധതി കിഫ്ബി വഴി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതി കിഫ്ബി വഴി നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല.

(സി) കഴിഞ്ഞ ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി ലഭ്യമാക്കുകയും ബാക്കി എൺപത് ശതമാനത്തിന്റെ പ്രപ്പോസലിൻമേൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഭരണാനുമതി ലഭിച്ച 40 ലക്ഷം രൂപയ്ക്ക് ശേഷമുള്ള 160 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നത് പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly